**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4892 14/11/2019-ൽ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരുടെ ഒഴിവുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ വിഭാഗത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ സ്കൂളുകളിലാണെന്നും വ്യക്തമാക്കാമോ; | (എ) & (ബി) | ഗവ.എച്ച്.എസ്.എസ്. കിളിമാനൂർ ഗവ.വി&എച്ച്.എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിലെ ഓരോ ഒഴിവ് യഥാക്രമം 31/03/2019, 16/08/2019 എന്നീ തീയതികളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടീച്ചർമാരുടെ എത്ര ഒഴിവുകൾ 2019 ഒക്ടോബറിന് ശേഷം പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | | |
| (സി) | 2019-20 ൽ വിരമിക്കുന്ന ഒഴിവുകൾ പി.എസ്.സി.യുടെ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്തെന്നും അറിയിക്കുമോ; | (സി) | 2019-20 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. വർഷാവർഷം തസ്തിക നിർണ്ണയം നടത്തുമ്പോൾ കായികാദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം കൂടിയുള്ളതിനാലാണ് പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാകാത്തത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തസ്തികയിൽ ഗവ.എച്ച്. എസ്. നാവായിക്കുളം, ഗവ. എച്ച്. എസ്.പകൽക്കുറി, ഡയറ്റ് ആറ്റിങ്ങൽ, ഗവ. വി.ആർ.എച്ച്. എസ്. കുളത്തൂർ, ഗവ. എച്ച്.എസ്. കിളിമാനൂർ എന്നീ സ്കൂളുകളിൽ ഉള്ള അഞ്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്തി ട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെ ന്തെന്ന് വെളിപ്പെടുത്താമോ; | (ഡി) | നിലവിൽ ഒഴിവുകൾ ഉള്ള ഗവ. എച്ച്.എസ്.എസ്. കിളിമാനൂർ, ഗവ. വി&എച്ച്. എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിലെ ഓരോ തസ്തിക വീതം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | 2019-20 ൽ തിരുവനന്തപുരം ജില്ലയിൽ നിന്നും എത്ര ഹൈസ്കൂൾ ഫിസിക്കൽ എഡ്യൂ ക്കേഷൻ ടീച്ചർമാർ വിരമിക്കു ന്നുണ്ടെന്ന് അറിയിക്കുമോ? | (ഇ) | മൂന്ന് കായികാദ്ധ്യാപകർ 2019-20 അദ്ധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് വിരമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ